# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ. എസ്. എ. ഡബ്ല്യു.വൈ.ഡി- പി3-587/2021 16/08/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/08/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ഡബ്ല്യ.വൈ.ഡി- പി3- 587/2021 16/08/2021 തീയ്യതി: 16/08/2021

## വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 04-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 04-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷാജി.ഇ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ ഡേവിഡ്.കെ.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു.കെ.നായർ, , ഓഡിറ്റർ
ശ്രീമതി റ്റിജി വർഗ്ഗീസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം.പി , | പ്രസിഡന്റ് | 01-04-2020 | 30-10-2020 |

| | | | |
|---|---|---|---|
| നൗഷാദ് | | | |
| ശ്രീ. പി.ബാലൻ | പ്രസിഡന്റ് | 31-10-2020 | 31-03-2021 |
| ശ്രീ. എൻ.എ).ജയരാജൻ | സെക്രട്ടറി | 01-04-2020 | 11-10-2020 |
| സി.പി പ്രദീപൻ | സെക്രട്ടറി | 12-10-2020 | 08-11-2020 |
| ശ്രീ മാത്യൂ.കെ.ടി | സെക്രട്ടറി | 09-11-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.റസാനത്ത് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സരസ്വതി എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ,എ.എൻ പരമേശ്വൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 30-06-2020 |
| ശ്രീമതി അർഷിത.പി.സി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി സലീജ. ഇ.എൽ | വി ഇ ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി രേഖ | കൃഷി ഓഫീസർ | 24-09-2020 | 31-03-2021 |
| ശ്രീ, ശ്രീകാന്ത് | കൃഷി ഓഫീസർ | 01-04-2020 | 23-09-2020 |
| ഡോ.സിൻസി പവിത്രൻ | മെഡിക്കൽഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ പ്രശാന്ത് കുമാർ | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.സാജു പീറ്റർ | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ.വിജേഷ്.എം.വി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 30-04-2020 |
| ഡോ.ദീപക്.കെ.വ്യാസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-05-2020 | 21-01-2021 |
| ഡോ.അബ്രഹാം ജേക്കബ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 22-01-2021 | 31-03-2021 |
| ശ്രീ. എൽദോ സൈമൺ | അസി .എഞ്ചിനീയർ | 01-04-2020 | 31-03-2021 |

01-7-2021 മുതൽ ഹെഡ് മാസ്റ്ററെ നിയമിച്ചിട്ടില്ല

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Shaji E.K (Audit Officer, On 05-08-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-1-1 |
| 3 | ബജറ്റിൽ വരവുകളുടെ മതിപ്പ് വാസ്തവികമല്ല.<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2 |
| 5 | ധനകാര്യ പത്രിക പൂർണ്ണമല്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Indu K Nair (Senior Grade Auditor, On 09-08-2021) | 1-2-1 |
| 6 | റീ കൺസിലിയേഷൻ നടത്തിയിട്ടില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Indu K Nair (Senior Grade Auditor, On 09-08-2021) | 1-2-2 |
| 7 | വസ്തുനികുതി - ഡി.സി.ബി രജിസ്റ്റർ ഹാജരാക്കിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-3 |
| 8 | ജീവനക്കാരുടെ തൊഴിൽനികുതി - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-4 |
| 9 | ലേല രജിസ്റ്റർ - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-5 |
| 10 | കെട്ടിട നിർമ്മാണ അനുമതി ഫീസ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-6 |
| 11 | തണൽ ഭവന പദ്ധതി -വായ്പ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-7 |
| 12 | ലൈഫ് ഭവന പദ്ധതി -ഹഡ്കോ വായ്പ - മുന്നിരിപ്പ് വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-2-8 |
| 13 | ഗുണഭോക്തൃവിഹിതത്തിൽ വൻതുക നീക്കിബാക്കി<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-9 |
| 14 | ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-10 |
| 15 | വാർഷിക കണക്കിലെ മറ്റ് അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-2-11 |

| | | |
|---|---|---|
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-3 |
| 17 | ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-4 |
| 18 | പദ്ധതി അവലോകനം<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-6 |
| 20 | ക്ഷേമപദ്ധതികൾ<br>Written By: Shaji E.K (Audit Officer, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-8 |
| 22 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-9 |
| 23 | രസീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-10 |
| 24 | ചട്ടത്തിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-11 |
| 25 | വസ്തു നികുതി, കെട്ടിട നിർമ്മാണ അനുമതി എന്നിവ പരിശോധിക്കുന്നതിനായി ഫയലുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-12 |
| 26 | കെട്ടിടമുറികൾ ഘടനാമാറ്റം വരുത്തി ഉപയോഗിക്കുന്നു<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-13 |
| 27 | സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിളവ് അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം:-<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-14 |
| 28 | ഫിഷറീസ് സബ് ഇൻസ്പെക്ടർ പദ്ധതി ഫയലുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-15 |
| 29 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-16 |
| 30 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-17 |
| 31 | പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Tiji Varghese (Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 12-08-2021) | 1-18 |

| | | |
|---|---|---|
| 32 | ക്ഷീരകർഷകർക്ക് പാലിന് സബ്സ്ഡി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-19 |
| 33 | എസ് എസ് എ വിഹിതം നൽകൽ ഭൗതികനേട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-20 |
| 34 | രേഖകൾ ഹാജരാക്കാത്തതിനാൽ ₹7,83,776/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-21 |
| 35 | വിദ്യർത്ഥികൾക്കുള്ള പഠനോപകരണം - വിതരണരേഖ ലഭ്യമാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 1-22 |
| 36 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-23 |
| 37 | ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും കൃത്യമായി സൂക്ഷിക്കാത്തത്.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-24 |
| 38 | വാട്ടർ ചാർജ്ജ് ഒടുക്കൽ - ഗ്രാമപഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-25 |
| 39 | പേരാൽ സ്കൂളിന് ഫർണ്ണിച്ചർ വിതരണം ടെൻഡർ നടപടികൾ തൃപ്തികരമല്ല.<br>Written By: Tiji Varghese (Auditor, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-26 |
| 40 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഹെഡ് മാസ്റ്ററുടെ അകൗണ്ടിൽ പണം സൂക്ഷിക്കുന്നു<br>Written By: Tiji Varghese (Auditor, On 09-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-27 |
| 41 | വാഹന വാടക ഇനത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അമിത ചെലവ് വരുത്തി.<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-28 |
| 42 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-29 |
| 43 | അങ്കണവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.<br>Written By: Shaji E.K (Audit Officer, On 05-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-30 |
| 44 | ലൈഫ് ഭവന പദ്ധതി - തെറ്റായ വിവരം നൽകി ഗുണഭോക്താവ് തുക കൈപ്പറ്റി<br>Written By: Indu K Nair (Senior Grade Auditor, On 10-08-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 1-31 |
| | **ഭാഗം 2** | |
| 1 | ചട്ടത്തിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വേക്കൻസി | 2-1 |

| | | |
|---|---|---|
| | റെമിഷൻ അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം<br>Written By: Shaji E.K (Audit Officer, On 13-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | |
| 2 | സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിളവ് അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം:-<br>Written By: Shaji E.K (Audit Officer, On 13-08-2021)<br>Last Updated By: Shaji E.K (Audit Officer, On 13-08-2021) | 2-2 |
| **ഭാഗം 3** | | |
| 1 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി<br>Written By: Unni P.K (Deputy Director, On 16-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Manoharan M. (Audit Officer (HG), On 12-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Shaji E.K (Audit Officer, On 14-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaji E.K (Audit Officer, On 25-07-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്.

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 25/03/2020 തീയതിയിലെ 1/79/20 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27/03/2020 തീയതിയിലെ 1/80/20 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റു പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

### 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2020-21 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2020-21 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകരം വകയിരുത്തൽ | 2020-21 വാർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2101001 | ശമ്പളം | 75,00,000 | 84,00,064 |
| 2 | 2102005 | ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 15000 | 0 |
| 3 | 2105001 | എംപ്ലോയേഴ്സ് പ്രവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 99027 |
| 4 | 2201001 | വാടക | 20000 | 23000 |
| 5 | 2202001 | പുസ്തകങ്ങളും ആനുകാലികങ്ങളും | 1,00,000 | 69110 |
| 6 | 2207101 | അസാധാരണ ചെലവുകൾ | 1,50,000 | 21540 |
| 7 | 2301101 | വാട്ടർ ചാർജ് | 382,000 | 182786 |
| 8 | 2301001 | സ്ട്രീറ്റ് ലൈറ്റ് ചാർജ്ജസ് | 3,50,000 | 355913 |
| 9 | 2308001 | മറ്റ് ചെലവുകൾ | 18,00,000 | 1624460 |
| 10 | 2408001 | ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 75,000 | 61662 |
| 11 | 2511009 | വായനശാലകളും റീഡിംഗ് റൂമുകളും | 2,40,000 | 0 |
| 12 | 2511010 | ആർട്ട്സ് & കൾച്ചർ - ജനറൽ | 2,00,000 | 17040 |
| 13 | 2512001 | ഹെൽത്ത് സെൻറുകൾ / ആശുപത്രികൾ / ഡിസ്പെൻസറികൾ | 50,000 | 4643 |
| 14 | 2512002 | പൊതു ആരോഗ്യ പരിപാടികൾ | 5,00,000 | 136220 |
| 15 | 2512003 | പ്രത്യേക ആരോഗ്യ | 2,00,000 | 399995 |

| | | | | |
|---|---|---|---|---|
| | | പരിപാടികൾ | | |
| 16 | 2514101 | അംഗൻവാടി പോഷക ആഹാര പരിപാടികൾ | 52,00,000 | 1725634 |
| 17 | 2531001 | കുടിവെള്ളം അനുബന്ധ പ്രോജക്റ്റുകൾ | 0 | 454104 |
| 18 | 2531006 | ആശ്രയ പദ്ധതി | 2,00,000 | 150000 |
| 19 | 2552007 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്റ്റുകൾ - ആയുർവേദം | 8,00,000 | |
| 20 | 2552008 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്റ്റുകൾ - ഹോമിയോപ്പതി | 0 | 300000 |
| 21 | 4103003 | കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും | 10,00,000 | 1518360 |
| 22 | 4104001 | കുടിവെള്ള സ്രോതസുകളും അനുബന്ധ നിർമിതികളും | 12,00,000 | 1284804 |

യാഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാത്തതാണ് മേൽ വീഴ്ചയ്ക്ക് കാരണമായത്. ബജറ്റിൽ അനിവാര്യമായ ഇനങ്ങൾക്ക് അതിനാവശ്യമായ തുക വകയിരുത്തുന്നില്ല. വകയിരുത്തിയ തുക ചെലവഴിക്കുന്നില്ല ചില പദ്ധതികൾക്ക് നാമം മാത്രമായ ചെലവ്. ബജറ്റ് യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് പാസ്സാക്കുകവഴി നിയമപരമായ കർത്തവ്യം നിറവേറ്റുകക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരമുള്ള ഒരു ബഡ്ജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. മെച്ചപ്പെട്ട സാമ്പത്തിക ആസൂത്രണം ബഡ്ജറ്റ് വഴി സാധ്യമാകണം. ആയതിനാൽ കടമ നിർവ്വഹിക്കുക എന്നതിലുപരി സ്ഥാപനത്തിന്റെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്രിയാത്മകമായ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് ഇടയായ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-1-2 ബജറ്റിൽ വരവുകളുടെ മതിപ്പ് വാസ്തവികമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റിൽ മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2020-21 ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു | 65,00,000 | 51,06,275 | 13,93,725 |

| | | | | | |
|---|---|---|---|---|---|
| | | നികുതി | | | |
| 2 | 1102001 | തൊഴിൽ നികുതി | 22,00,000 | 13,54,210 | 8,45,790 |
| 4 | 1401101 | ലൈസൻസ് ഫീസ് | 6,00,000 | 2,11,625 | 3,88,375 |
| 5 | 1404001 | ഫൈൻ | 4,00,000 | 1,46,040 | 2,53,960 |
| 6 | 1401201 | പെർമിറ്റ് ഫീ | 5,00,000 | 1,79,672 | 3,20,328 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് മൂലം തുക വകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. മേൽ ബജറ്റ് വ്യതിയാനങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 11.06.2021 | --- | --- |

### 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2020 – 21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 റീ കൺസിലിയേഷൻ നടത്തിയിട്ടില്ല

മെമ്പർ സെക്രട്ടറി (CDS ) - യുടെ പേരിൽ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ 5,00,000/- രൂപ നീക്കിബാക്കിയുണ്ട്. ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

### 1-2-3 വസ്തുനികുതി - ഡി.സി.ബി രജിസ്റ്റർ ഹാജരാക്കിയില്ല

വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന ഡി.സി.ബി രജിസ്റ്റർ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ ,ബാലൻസ് എന്നിവ ഡി.സി.ബി സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

### 1-2-4 ജീവനക്കാരുടെ തൊഴിൽനികുതി - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

ജീവനക്കാരുടെ തൊഴിൽനികുതിയിൽ വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തൊഴിൽ നികുതി | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ജീവനക്കാർ | | |
| കളക്ഷൻ | 1022535 | 986785 |

വാർഷിക കണക്കിലെ ന്യൂനതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 20/2020– 21 /30.7.2021 ) പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്യാതെ ജേർണൽ എൻട്രി ചെയ്യതിനാലാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ അപാതകകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-2-5 ലേല രജിസ്റ്റർ - വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

ലേല രജിസ്റ്റർ രജിസ്റ്റർ പ്രകാരം കംഫർട്ട് സ്റ്റേഷൻ ലേലത്തിന് നല്കിയ വകയിൽ ചുവടെ കൊടുക്കും വിധം വരവുണ്ട്. ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| കംഫർട്ട് സ്റ്റേഷൻ | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 1750 | Nil |
| കളക്ഷൻ | 1750 | Nil |
| ബാലൻസ് | O | Nil |

## 1-2-6 കെട്ടിട നിർമ്മാണ അനുമതി ഫീസ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കെട്ടിട നിർമ്മാണ അനുമതി ഫീസിനത്തിൽ വാർഷിക കണക്കും, രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽഡിംഗ് പെർമിറ്റ് | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 169498 | 181047 |
| കളക്ഷൻ | 169498 | 181047 |
| ബാലൻസ് | 0 | 0 |

## 1-2-7 തണൽ ഭവന പദ്ധതി -വായ്പ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

പഞ്ചായത്ത് വയനാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും തണൽ ഭവന പദ്ധതിക്ക് വായ്പ എടുത്തിട്ടുണ്ട് . എന്നാൽ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. മുൻബാക്കി , വരവ്, നീക്കിബാക്കി എന്നിവയുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

## 1-2-8 ലൈഫ് ഭവന പദ്ധതി -ഹഡ്കോ വായ്പ - മുന്നിരിപ്പ് വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പയിൽ വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

## 1-2-9 ഗുണഭോക്തൃവിഹിതത്തിൽ വൻതുക നീക്കിബാക്കി

വാർഷിക കണക്ക് B4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമായി 14,69,480/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-2-10 ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള NREGA, BRGF,JOINT VENTURE PROJECTS എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-11 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

Capital Work In Progress (Schedule യിൽ RP- 40) യിൽ 75,49,731 /- രൂപയുണ്ട്. എന്നാൽ പാർട്ട് ബില്ലിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33997203.50 |
| വരവ് | 110265863 |
| ആകെ | 144263066.5 |
| ചെലവ് | 113543968 |
| നീക്കിയിരിപ്പ് | 30719098.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | | 13813080 | 13813080 | 12139830 | 1673250 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 4713248 | 4713248 | 4397933 | 315315 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 7110289 | 7110289 | 6290831 | 819458 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 22413000 | 22413000 | 22390984 | 22016 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4837571 | 4837571 | 4826456 | 11115 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 16538690 | 16538690 | 9035331 | 7503359 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | |
| ബി ഫണ്ട് | 987699 | 600000 | 1587699 | 121360 | 1466339 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 384 | 209238334 | 274 | 86052330 | 2 | 108 | 71.35 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 06 | 10515128 | 4796964 | 45.61 |
| വെറ്ററിനറി സർജ്ജൻ | 10 | 06 | 11377860 | 2814857 | 24.73 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 14 | 12 | 3262261 | 2678712 | 82.11 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 01 | 700000 | 650000 | 92.85 |
| വി.ഇ.ഒ | 17 | 09 | 97026000 | 11992830 | 12.36 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 10 | 10 | 6589600 | 6080020 | 92.26 |
| സെക്രട്ടറി | 51 | 35 | 23785088 | 13181092 | 55.41 |
| ഹെഡ് മാസ്റ്റർ | 04 | 01 | 925630 | 115000 | 12.42 |
| അസി. എഞ്ചിനീയർ | 260 | 190 | 62003627 | 42628691 | 68.75 |
| അസി. സെക്രട്ടറി | 04 | 04 | 759000 | 421281 | 55.50 |
| എസ്.ഐ. ഫിഷറീസ് | 02 | 02 | 3672000 | 692883 | 18.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21527 | 3502285 | 3523812 | 3485790 | 38022 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 41649655 | 41649655 | 41649655 | 0 |
| മെറ്റീരിയൽസ് | | 8762830 | 8762830 | 8762830 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11520 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 10822000 | 5163 |
| വിധവാപെൻഷൻ | 19035600 | 8447 |
| വാർദ്ധക്യകാലപെൻഷൻ | 10632300 | 13103 |
| വികലാംഗപെൻഷൻ | 6403900 | 2926 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 180 വകുപ്പ്

അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനായി ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ കൃത്യമായ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. വേക്കൻസി റെമിഷൻ രജിസ്റ്റർ, വിമുക്ത ഭടന്മാരുടെ നികുതിയിളവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി,അസി സെക്രട്ടറി എന്നിവർ ക്യാഷ് എഴുതി ബുക്ക് സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ ഏകോപനത്തിന്റെ അഭാവവും പദ്ധതി നടത്തിപ്പിൽ ഭരണസമിതിയിലെ ചില മെമ്പർമാരുടെ ഇടപെടലും ഓഡിറ്റിൽ ശ്രദ്ധയിൽപെടുകയുണ്ടായി.ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 മുതൽ 1-14 വരെയുള്ള ഖണ്ഡികകളിലേക്ക് പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നൽകുന്നില്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 22തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 20തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി ,വാടക എന്നിവ സംബന്ധിച്ച പരാമർശങ്ങൾ 1-11, 1-12, 1-13, 1-14 ഖണ്ഡികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഓഡിറ്റിന് ആവശ്യപ്പെട്ട ഫയലുകളിൽ മിക്കവയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതം കൃത്യമായി അകൗണ്ടിൽ വരവ് വെക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതി ബുക്കുകൾ തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷിക ആവശ്യങ്ങളെ തിട്ടപ്പെടുത്തിയിട്ടുള്ള പ്രൊക്വയർമെന്റ് പ്ലാനും ബഡ്ജറ്റും തയ്യാറാക്കാതെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചിരുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് പ്രത്യേക താൽപ്പര്യ സംരക്ഷണത്തിനായി ടെൻഡറുകൾ അംഗീകരിക്കുന്നതായാണ് ബോധ്യപ്പെട്ടത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ഏജൻസികളിൽ നിക്ഷപ പ്രവർത്തികൾക്കായി അടക്കുന്ന തുകകളുടെ വിനിയോഗ വിവരങ്ങൽ നിരീക്ഷിക്കപ്പെടുന്നില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നൻകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. കൃഷി സംബന്ധമായ വർക്കിംഗ് ഗ്രൂപ്പ് ഒഴികെ ബാക്കി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും കൺവീനർ ഒപ്പിട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന15/07/2021 തീയതിയിൽ ഉച്ചയ്ക്കുശേഷം 2.41 ന്സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6142/-(ആറായിരത്തി ഒരുനൂറ്റി നാൽപ്പത്തി രണ്ട് മാത്രം.)രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 രസീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

20-21 സാമ്പത്തീക വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് തനതു വരുമാന രസീതികളുടെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ രസീതു ബുക്കുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചു കൊടുത്ത രസീതി ബുക്കുകൾ അതത് വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനം തിരികെ വാങ്ങി സൂക്ഷിക്കുന്നില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | രസീതി ബുക്ക് നം. |
|---|---|
| എ ഇ | 60254,60275 |
| കൃഷി ഓഫീസർ | 17907,17908,60269,60270, 60271,60272,60274 |
| | |

| | |
|---|---|
| വെറ്റിനറി സർജ്ജൻ | 60266,60267, 60268, 1151, 1153, 1162 |

2.ഉപയോഗിക്കാത്ത മാന്വൽ രസീതി ബുക്കുകൾ തിരികെ വാങ്ങി റീ ഇഷ്യൂ ചെയ്യുന്നില്ല:- ഉദാ:-

1)18/03/2020 തിയ്യതിയിൽ ക്ലാർക്ക് ശ്രീ.ബിനു വർക്കിയുടെ പേരിൽ 60261 രസീതി ബുക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. ഈ രസീതി ബുക്കിന്റെ ഒരു ലീഫ് പോലും ഉപയോഗിച്ചിട്ടില്ല.

2)2020-21 സാമ്പത്തീക വർഷം വെറ്റിനറി സർജ്ജന് ഇഷ്യൂ ചെയ്ത രസീതി ബുക്ക് നം. 1162 ലെ ഒരു രസീതി ലീഫ് പോലും ഉപയോഗിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിട്ടുണ്ട്.

രസീതി ബുക്കുകൾ അതത് സാമ്പത്തീക വർഷം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

3. രസീതി ലീഫുകളിൽ തിയ്യതി രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നു. ഉദാ:-

വെറ്റിനറി സർജ്ജന് ഇഷ്യൂ ചെയ്ത1153 -ാം നമ്പർ രസീതി ബുക്ക് ഉപയോഗിച്ച് തിയ്യതി രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഇതേ രസീതി ബുക്കിലെ രസീതി നം.2 മുതൽ 10 വരെയും 64 മുതൽ 67 വരെയും ഉപയോഗിച്ച് പിരിച്ചെടുത്ത 63,000/- രൂപ (പട്ടികജാതി പോത്തുവളർത്തലിനുള്ള ഗുണഭോക്തൃ വിഹിതം )പഞ്ചായത്തിൽ അടവാക്കിയതിന്റെ സാംഖ്യ രസീതിയുടെ(രസീതി നം.510585 Dtd 04/03/2021) ഫോട്ടോ കോപ്പിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. അസ്സൽ ഹാജരാക്കേണ്ടതാണ്.

4. രസീതികളുടെ ഉപയോഗം ക്രമപ്രകാരമല്ല:- ഉദാ:-

04/09/2020 തിയ്യതിയിൽ എ ഇ, എൽ എസ് ജി ഡി ക്ക് നൽകിയ 60275 നമ്പർ രസീതി ബുക്കിന്റെ ഒന്ന് മുതൽ പത്ത് വരെയുള്ള രസീതികളിലായി ഒന്നാം നം. രസീതി ലീഫിന്റെ ഒറിജിനൽ ഉപയോഗിക്കാതെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയുടെ മറുപുറത്ത് കാർബൺ വച്ച് എഴുതി രണ്ടാം നമ്പർ ലീഫിന്റെ അസ്സൽ ഗുണഭോക്താവിന് നൽകുകയാണ് ചെയ്തത്.ഒന്നാം നമ്പർ രസീതി മുതൽ പത്താം നമ്പർ രസീതി വരെ ഇങ്ങനെ ആവർത്തിച്ചിട്ടുണ്ട്.കെ ടി സി വാല്യം I ആർട്ടിക്കിൾ 94 പ്രകാരം രസീതികളുടെ പകർപ്പ് നൽകുവാൻ പാടുള്ളതല്ല. മാന്വൽ രസീതികളുടെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

5.മെഷീൻ നമ്പറിടാത്ത രസീതി ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഇഷ്യൂ ചെയ്തു:-

കൃഷി ഓഫീസറുടെ പേരിൽ ഇഷ്യൂ ചെയ്ത 60269 നമ്പർ രസീതി ബുക്കിന്റെ ലീഫുകളിൽ ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

6.രസീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.ഉദാ.

കൃഷി ഓഫീസറുടെ പേരിൽ ഇഷ്യൂ ചെയ്ത 60269 നമ്പർ രസീതി ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്താതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥന് ഇഷ്യൂ ചെയ്തിട്ടുള്ളത്.

6.ക്യാൻസൽ ചെയ്ത സാംഖ്യാ രസീതികളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല- ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാ:-സാംഖ്യാ രസീതി നം.1594800, 1594801,5103054, 5103509, 5103753,5103813, 5104576, 5104577, 5105986.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 08/2020-21/ 26.07.2021) ക്ക് മറുപടിയായി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്കിന് മനപ്പൂർവ്വമല്ലാതെ വന്ന തെറ്റാണെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. രസീതി കൈകാര്യം ചെയ്യുന്നതിൽ വന്ന വീഴ്ചയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരേ അച്ചടക്ക നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 ചട്ടത്തിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ചട്ടം 21(1)(B)(I) ഉപചട്ട പ്രകാരം നികുതിയിളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തിയ്യതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞുകിടന്ന തിയ്യതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നോ ആ തിയ്യതി മുതൽ കണക്കാക്കേണ്ടതാകുന്നു. ചട്ടം 21(3) പ്രകാരം ഇങ്ങനെ അനുവദിച്ച

നികുതിയിളവ് ഫോം II വിലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2019-20 സാമ്പത്തീകവർഷം 13,15 വാർഡുകളിലായി 77 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇളവ് അനുവദിച്ചത് നോട്ടീസ് തിയ്യതിക്ക് മുൻ കാലയളവിലാണ്. ഉദാ.

| വാർഡ്/ കെട്ടിട നം. | നോട്ടീസ് തിയ്യതി | പേര് | തുക |
|---|---|---|---|
| 13/345A | 29/06/21 | ബെസ്സി എബ്രഹാം | 1385 |
| 13/345C | 29/06/21 | ജോസഫ് വി ജെ | 1283 |
| 13/345D | 29/06/21 | മുരളീധരൻ | 1365 |
| 13/345E | 29/06/21 | സുജാത എൻ | 1376 |
| 13/345B | 29/06/21 | പ്രിൻസി ജോർജ്ജ് | 1217 |
| 13/345 I | 29/06/21 | ഷെരീഫ് പി കെ | 1275 |
| 13/345F | 29/06/21 | ഡെയ്സി ചാക്കോ | 1385 |
| 13/345H | 23/06/21 | ഫിലിപ്പ് എൻ എം | 1662 |
| ആകെ | | | 10,948 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/2020-21/ 04.08.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.ഇങ്ങനെ ചട്ടത്തിന് വിരുദ്ധമായി അനുവദിച്ച കെട്ടിട നികുതി ഇളവ് 10,948/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി, കെട്ടിട നിർമ്മാണ അനുമതി എന്നിവ പരിശോധിക്കുന്നതിനായി ഫയലുകൾ ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി, കെട്ടിട നിർമ്മാണ അനുമതി എന്നിവ പരിശോധിക്കുന്നതിനായി 2019-20,2020-21 വർഷങ്ങളിലായി താഴെ കൊടുത്തിരിക്കുന്ന കെട്ടിട നമ്പറുകളിലെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് 22/07/21 തിയ്യതിയിൽ ഓഡിറ്റ് റിക്വസിഷനും ഇതേ തിയ്യതിയിൽ ഓഡിറ്റ് എൻക്വയറിയും ( നം. 2/2019-20,20-21/ 22.07.2021) നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയിട്ടില്ല. റിക്വസിഷനിൽ ആവശ്യപ്പെട്ട ഫയലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| S.No | Ward | Name | Building No |
|---|---|---|---|
| 1 | 2 | Muneera & Others | 487-496 |
| 2 | 8 | Majeed | 326B |
| 3 | 5 | Elentha Abdulla | 325C |
| 4 | 9 | Kamba Ibrahim | 309 CDE |
| 5 | 10 | Joy & Others Kanjiramkalayil | 220-226 |
| 6 | 11 | Filippos Mundunadakkal | 270 |
| | | | |

| | | | |
|---|---|---|---|
| 7 | 11 | C K Usman | 275-291 |
| 8 | 11 | P K Usman Ayyar | 333 |
| 9 | 11 | Usuf Kaniyamgandi | 186 E |
| 10 | 11 | Alihaji K C | 471-471 F |
| 11 | 11 | Abdurahman Haji | 471 G-471 L |
| 12 | 11 | Aboobacker Ayyar | 333A-333T,336 Aa333b |
| 13 | 11 | Najmunneesa & Others | 22A,26,27,28 |
| 14 | 11 | Paulson K | 50 G,50 H |
| 15 | 11 | Asna Haneefa & Others | 334J- 334 N |
| 16 | 11 | Pathu Ayyar | 402A-B |
| 17 | 11 | Usman P K | 333C-333V,334a-334W |
| 18 | 11 | Sajeesh KM | 614A-614 J |
| 19 | 11 | Presedent, AP Aboobacker Musliyar | 307-316 |
| 20 | 11 | Abdul Majeed Kallachi | 330A-330D 331A-331D 332B-332D |
| 21 | 13 | Noushad PP | 189 A-189 K |
| 22 | 13 | Mammootty | 457A-457H |
| 23 | 13 | Abdul Nazar | 529-533 |
| 24 | 13 | Kadeesa & Others | 548 A548 S |
| 25 | 13 | Philip Sebastian | 347 A |
| 26 | 13 | Bessy Abraham | 345 A-345 I |
| 27 | 13 | N Kassim | 525 A-525 GG |
| 28 | 13 | Mammootty, Kannadi | 457M-457AN |
| 29 | 14 | T K Ibrahim Haji | 414-415, 409 |
| 30 | 14 | Mammootty Eratta | 677H,J |
| 31 | 14 | Abdul Majeed | 444A-444H |
| 32 | 14 | Musthafa & Others | 618 A-C |
| 33 | 14 | Ibrahim Palliyal | 368 A-G |
| 34 | 15 | Sunil Palliyal | 207B-207R |
| 35 | 15 | Haji Baliyi | 293A-293F |
| 36 | 15 | Prajwal Biswas | 344K-R, 397-400, 401- |

| | | | |
|---|---|---|---|
| | | | 401J,402 |
| 37 | 15 | ByjuVarghese | 400A-400AA |
| 38 | 16 | Asya & Others | 294-299 |

ഇവയിൽ ക്രമ നമ്പർ 8 പ്രകാരം ആവശ്യപ്പെട്ട ഫയൽ ഹാജരാക്കിയെങ്കിലും ഫയലിൽ നിന്നും നോട്ട് ഫയൽ നീക്കി കെട്ടിടത്തിന്റെ പ്ലാനുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മേൽ വാണിജ്യ സമുച്ചയത്തിന് നൽകിയിട്ടുള്ള നമ്പറുകളെ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.2020-21 വർഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും പ്രിന്റെടുത്ത ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മുകളിൽ കൊടുത്ത കെട്ടിടങ്ങൾക്കെല്ലാം ഡിമാന്റ് കുറവായാണ് കാണിച്ചിട്ടുള്ളത്. ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്റ മുഖ്യ സ്രോതസ്സായ കെട്ടിട നികുതി ശരിയായി നിർണ്ണയിക്കാത്തതു മൂലം തനതുവരുമാനത്തിൽ നല്ലൊരു ശതമാനം കുറവു വരുന്നുണ്ട്. ഇക്കാര്യം 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ട് 2-2,2-3,2-4,2-5,2-6,2-7,2-8 ഖണ്ഡികകളിലും 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് 2-3 ഖണ്ഡിക ലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് തെറ്റായി അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി റിവൈസ് ചെയ്യുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കെട്ടിട പെർമിറ്റ് ഫയലുകൾ, പൂർത്തീകരണ പ്ലാനുകൾ , വസ്തു നികുതി നിർണ്ണയ ഫയലുകൾ എന്നിവ ഓഡിറ്റിന് ഇതുവരെ ലഭ്യമാക്കാത്തതിനാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും )ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം അത്തരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ എത്തുന്നതാണ്. ആയതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ മേൽ ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിടമുറികൾ ഘടനാമാറ്റം വരുത്തി ഉപയോഗിക്കുന്നു

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-20 ,20-21വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കെട്ടിടനിർമ്മാണ പെർമ്മിറ്റ് കെട്ടിട നികുതി എന്നിവ പരിശോധിക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ നൽകി ഫയലുകൾ ആവശ്യപ്പെട്ടെങ്കിലും ശ്രീ.ഉസ്മാൻ വി കെ അയ്യാർ എന്നവരുടെ കെട്ടിടനിർമ്മാണ ഫയൽ ഒഴികെ മറ്റ് ഫയലുകൾ ഹാജരാക്കിയില്ല. ശ്രീ.ഉസ്മാൻ വി കെ അയ്യാർ എന്നവരുടെ കെട്ടിടനിർമ്മാണ ഫയൽ ഹാജരാക്കിയെങ്കിലും ഫയലിൽ നിന്ന് കുറിപ്പ് ഫയൽ നീക്കം ചെയ്ത നിലയിലാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഭാഗീകമായി പണി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഏതെല്ലാം മുറികൾക്ക് നമ്പർ കൊടുത്തുവെന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.കെട്ടിടത്തിന് ഏതെല്ലാം നമ്പർ നൽകിയെന്ന് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്കിനോ എൽ എസ് ജി ഡി ഓവർസിയർക്കോ കണ്ടെത്താനും സാധിച്ചിട്ടില്ല.കെട്ടിട ഉടമയ്ക്ക് പതിനൊന്നാം വാർഡിൽ മറ്റ് വാണിജ്യ കെട്ടിടങ്ങൾ ഉള്ളതിനാൽ സഞ്ചയയിൽ നിന്ന് കെട്ടിടത്തിന് ഏതെല്ലാം നംമ്പർ നൽകി എന്ന് കണ്ടെത്താൻ സാധിക്കാത്തതിനാൽ 30/07/21 ന് രാവിലെ 11.30 മണിക്ക് പടിഞ്ഞാറത്തറ കല്പറ്റ റോഡിൽ 347/1, 347/11/ 347/14, 347/20, 347/21 എന്നീ റി.സ നമ്പറുകളിൽപ്പെട്ട ശ്രീ.ഉസ്മാൻ വി കെ അയ്യാർ എന്നവരുടെ സ്ഥലത്ത് പണികഴിപ്പിച്ച വാണിജ്യകെട്ടിടത്തിൽ സ്ഥല പരിശോധന നടത്തി. കെട്ടിടത്തിന്റെ പണി ഭാഗീകമായാണ് പൂർത്തീകരിച്ചിട്ടുള്ളത്.പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിച്ചിട്ടില്ല.തന്മൂലം ഷോപ്പിംഗ് കോംപ്ലക്സിന് ഏതെല്ലാം നമ്പർ നൽകിയെന്ന് കണ്ടെത്താനായിട്ടില്ല. സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല ഭാഗീകമായാണ് നമ്പർ നൽകിയിട്ടുള്ളത്. കെട്ടിട മുറികളിൽ നമ്പർ പ്രദർശിപ്പിച്ചിട്ടില്ല.

2. 5 വാണിജ്യ കെട്ടിടങ്ങളുടെ സമുച്ചയമായിട്ടാണ് കെട്ടിടംപണി കഴിപ്പിച്ചിട്ടുള്ളത്. പ്രധാന കവാടത്തിന് നേരേ മുൻപിലായി (11/333 A,11/333B,11/333G എന്നീ നമ്പറിൽ നികുതിയടച്ച വരുന്ന) പ്രവർത്തിച്ച വരുന്ന ഹോട്ടൽ & റെസ്റ്റോറന്റിന്റെ ഉള്ളിൽ ഏകദേശം 105.84m2 വിസ്തീർണ്ണത്തിൽ കെട്ടിടത്തിന് ഘടനാമാറ്റം വരുത്തി അനധികൃത നിർമ്മാണം നടത്തി റെസ്റ്റോറന്റായി ഉപയോഗിച്ച വരുന്നുണ്ട്.

3. 11/333V, 11/333U, 11/333W എന്നീ നമ്പർ നൽകിയിട്ടുള്ള മുറികൾ നിലവിൽ പ്ലസ് മാർട്ട് ഹൈപ്പർ മാർക്കറ്റായിട്ടാണ് പ്രവർത്തിച്ച വരുന്നത്. ഹൈപ്പർ മാർക്കറ്റിനകത്ത് സുമാർ 40M2 വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം നടത്തി കെട്ടിടത്തിന് ഘടനാമാറ്റം വരുത്തി ഹൈപ്പർ മാർക്കറ്റിന്റെ ഭാഗമായി ഉപയോഗിച്ച വരുന്നുണ്ട്.

4.ഹൈപ്പർ മാർക്കറ്റിന്റെ മുൻപിലായി പണികഴിപ്പിച്ച ഇരുനില കെട്ടിടത്തിന്റെ തറനിലയിലുള്ള എല്ലാ മുറികളിലും ഘടനാമാറ്റം നടത്തി ഇരുനിലകളായി നിലവിൽ ഉപയോഗിച്ച വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തൊട്ടടുത്തായി പ്രവർത്തിച്ച് വരുന്ന പടിഞ്ഞാറത്തറയിലെ ഏറ്റവും വലിയ വ്യാപാര സമുച്ചയത്തിന് ഇത്തരത്തിൽ ഘടനാമാറ്റം വരുത്തി കെട്ടിടം ഉപയോഗിക്കാൻ പഞ്ചായത്ത് അനുമതി കൊടുത്തിട്ടുണ്ടെങ്കിൽ ആയവ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 14/2020-21/ 02.08.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ വാണിജ്യ കെട്ടിടങ്ങളും വാസഗൃഹങ്ങളും ഘടനാമാറ്റം നടത്തി ഉപയോഗിക്കുന്നില്ല എന്ന് അതത് വാർഡ് ക്ലാർക്കുമാർ ഉറപ്പ് വരുത്തേണ്ടതും ഘടനാമാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുന:നിശ്ചയിച്ച് അറിയിക്കേണ്ടതും മേൽ കെട്ടിടത്തിന് ഘടനാമാറ്റം വരുത്തി ഉപയോഗിക്കാൻ പഞ്ചായത്ത് അനുമതി നൽകിയിട്ടില്ലെങ്കിൽ കെട്ടിടം ക്രമവൽക്കരിക്കുകയോ ആയത് സാധ്യമല്ലെങ്കിൽ ഘടനാമാറ്റം വരുത്തിയ ഭാഗം പൊളിച്ചുമാറ്റിയോ അറിയിക്കേണ്ടതാണ്.

## 1-14 സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിളവ് അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം:-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 22 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുള്ളതാണ്. 2020-21 സാമ്പത്തിക വർഷാവസാനം 46,451/- രൂപ വാടകയിനത്തിൽ പിരിഞ്ഞു കിട്ടുവാനുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/07/2020 തിയ്യതിയിലെ 126(4)/20 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലേലം കൊണ്ടിട്ടുള്ള കച്ചവടക്കാർക്ക് ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. കച്ചവടക്കാർക്ക് ഈ മൂന്നുമാസങ്ങളിലെ വാടകയിനത്തിൽ 8,17,862/- രൂപ (6,87,279+1,30,583(GST18%+1%FC)) ഇളവ് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/06/2020 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1278/20 ഉത്തരവ് പ്രകാരം ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാത്ത സ്ഥാപനങ്ങളെ മാത്രമേ വാടകയിളവിനായി പരിഗണിക്കാൻ പാടുള്ളൂ. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്കെടുത്ത 22 കച്ചവടക്കാരിൽ 6 കച്ചവടക്കാർക്ക് ലോക്ഡൗൺ കാലയളവിൽ തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ളതാണ്. പ്രസ്തുത ലോക്ക് ഡൗൺ കാലത്ത് തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ള ബേക്കറി, പലചരക്ക് കട, പച്ചക്കറിക്കട തുടങ്ങിയ കടകൾക്കു കൂടി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/2020-21/ 28.07.2021)മറുപടിയായി ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്കെടുത്ത 22 കച്ചവടക്കാരിൽ 3 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരായതിനാലും ഒരാൾ കോവിഡ് ബാധിതനായതിനാലുമാണ് ഇളവനുവദിച്ചതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇളവ് അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പേര്/കെട്ടിടനം | വാടക | GST(18%) | FC(1%) | ഒരു മാസത്തെ വാടക | 3 മാസ വാടക | ആകെ മൊത്തം |
|---|---|---|---|---|---|---|
| ജംഷീർ പാലൊളി | 13545 | 2438 | 135 | 16119 | 40635 | 48356 |
| ജംഷീർ കണിയാംകണ്ടി | 9660 | 1739 | 97 | 11495 | 28980 | 34486 |
| അബു കളത്തിൽ | 10080 | 1814 | 101 | 11995 | 30240 | 35986 |
| മുഹമ്മദ് ജുനൈദ് | 14175 | 2552 | 142 | 16868 | 42525 | 50605 |
| ഷംസുൾ ഹുദ | 38115 | 6861 | 381 | 45357 | 114345 | 136071 |
| അബ്ദുള്ള എ സി | 8400 | 1512 | 84 | 9996 | 25200 | 29988 |
| ആകെ | | | | | 2,81,925 | 3,35,492 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിനത്തിൽ ഇളവ് അനുവദിച്ചതിനാൽ ലോക്ഡൗൺ കാലത്ത് തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ള കടകൾക്ക് അനുവദിച്ച വാടകയിനത്തിലുള്ള ഇളവ് 3,35,492/- രൂപ 30/07/2020 തിയ്യതിയിലെ ഭരണ സമിതി തീരുമാനത്തിൽ പങ്കെടുത്ത മെമ്പർമാരിൽ നിന്നും സെക്ഷൻ ക്ലാർക്കിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 ഫിഷറീസ് സബ് ഇൻസ്പെക്ടർ പദ്ധതി ഫയലുകൾ ഹാജരാക്കിയിട്ടില്ല.

2020 – 21 ൽ ഫിഷറീസ് സബ് ഇൻസ്പെക്ടർചുവടെ കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി - പേര്, നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യകൃഷി | 27,06,000 | 466,600 |
| 2 | ബയോ ഫിലോക്ക് മൽസ്യകൃഷി | 96,66,000 | 226,283 |
| | ആകെ | 3672000 | 692883 |

ഫയലുകൾ ഹാജരാക്കുന്നതിന് 14/07/2021 തിയ്യതിയിൽ 19/07/21 തിയ്യതിയിൽ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും 04/08/21 തിയ്യതി വരെയും ഹാജരാക്കിയിട്ടില്ല. ചെലവ് തുക 692883 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- 184/2020-21

പ്രോജക്ട്-ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ - ₹ 7,00,000/-

ചെലവ് – ₹ 6,50,000/-

ബിൽ നമ്പർ-01/20-21/13.07.2020

നിർവഹണം- ആയുർവ്വേദ മെഡിക്കൽ ഓഫീസർ.

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം.

സ.ഉ(കൈ)നം.22/2018ത.സ്വ.ഭ.വ തിയ്യതി.14/02/18 ഖണ്ഡിക 7.5.3 പ്രകാരം വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നിനുവേണ്ടി തുക ചെലവഴിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മുകളിൽ പറഞ്ഞ പദ്ധതിക്കുവേണ്ടി ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 10/2019-20/26.07.2021). നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## 1-17 സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക്/ ട്രഷറി അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ പ്രസ്തുത ബാങ്ക് അക്കൗണ്ടുകൾ കോസ് ചെയ്ത് അറിയിക്കാൻ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-27 പ്രകാരമുള്ള നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല.

അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2021 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No. 0355101022069,<br>കനറാ ബാങ്കിന്റെ പടിഞ്ഞാറത്തറ ശാഖ | ₹209907/- |
| | | A/C No. 799011400001996, | ₹69015/- |

| | | | |
|---|---|---|---|
| | | ട്രഷറി | |
| 2 | വെറ്ററിനറി സർജൻ | A/C No. 0355101008191,<br>കനറാ ബാങ്കിന്റെ പടിഞ്ഞാറത്തറ ശാഖ | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല |
| | | A/C No. 0355101016254, കനറാ ബാങ്കിന്റെ പടിഞ്ഞാറത്തറ ശാഖ | ₹765/- ** (31.10.2020 -ലെ നീക്കിയിരിപ്പ്) |

** 31.10.2020 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ.

ഓഡിറ്റ് നിർദ്ദേശം ഉണ്ടായിരിന്നിട്ടും 12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവിലേയും സർക്കാരിന്റെ 16.06.2018 -ലെ 53/2018/ധനം നമ്പർ സർക്കുലിലെയും നിർദ്ദേശങ്ങൾക്ക വിരുദ്ധവുമായി ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിന വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 28 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2019-20,20-21/ 28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നുമുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സ്ഡി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി വേണ്ടത്ര ആസൂത്രണമില്ലാതെയും ഫണ്ട് വകയിരുത്താതെയും നടപ്പിലാക്കിയതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 190/2020-21 |
| പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) - 5,00,000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം- 10,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 10,00,000 |
| അടങ്കൽ | 25,00,000/- |
| ചെലവ് | 4,46,396/- |
| ബിൽ നം. | 16/20-21 തി 28.3.21 തുക 80062/-<br>17/20-21 / തി 28-3-21 തുക 47019/- |

| | |
|---|---|
| | 18/20-21 തി 28-3-21 തുക 116693/- |
| | 19/20-21 / തി 28-3-21 തുക 152799/- |
| | 20/20-21/തി.28-3-21 തുക 49823/- |

ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക എന്നതാണ് പ്രോജക്ടിൽ വിഭാവനം ചെയ്യുന്നത്. ധാരാളം ക്ഷീര കർഷകരുള്ള ഗ്രാമപഞ്ചായത്തായതിനാൽ ദിവസേന 5000 ലിറ്റർ പാൽ വരെ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട് എന്നിരിക്കേ വേണ്ടത്ര ആസൂത്രണമില്ലാതെയും വേണ്ടത്ര ഫണ്ട് വകയിരുത്താതെയും വകയിരുത്തിയ ഫണ്ട് പോലും ഉപയോഗപ്പെടുത്താൻ സാധിക്കാതെയും പദ്ധതി നടപ്പിലാക്കിയതിനാൽ ക്ഷീര കർഷകർക്ക് ലിറ്ററിന് 1 രൂപ പോലും സബ്സിഡി നൽകാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഒരു ലിറ്റർ പാലിനായി 0.56 പൈസ മാത്രമാണ് ഈ പദ്ധതി പ്രകാരം കർഷകർക്ക് നൽകാനായി കഴിഞ്ഞിട്ടുള്ളത്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. 10 ലക്ഷം രൂപ വീതം ബ്ളോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും വകയിരുത്തിയിട്ടും ആയത് ഈ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താതിരുന്നതിന്റെയും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാതിരുന്നതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-20 എസ് എസ് എ വിഹിതം നൽകൽ ഭൗതികനേട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായി 2020-21 വർഷത്തിൽ സെക്രട്ടറി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

1.എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0003/20-21 |
| അടങ്കൽ | ₹4,00,000/-<br>(വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ & തുക | 22/20-21/16.11.2020 – ₹4,00,000/- |

2.എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0005/20-21 |
| അടങ്കൽ | ₹3,00,000/-<br>(വികസന ഫണ്ട്-ടി.എസ്.പി) |
| ബിൽ നമ്പർ & തുക | 24/20-21/16.11.2020 – ₹3,00,000/- |

2.എസ്.എസ്.എ വിഹിതം നൽകൽ (ടി.എസ്.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0004/20-21 |
| അടങ്കൽ | ₹4,00,000/-<br>(വികസന ഫണ്ട്-ടി.എസ്.പി) |
| ബിൽ നമ്പർ & തുക | 23/20-21/16.11.2020 – ₹4,00,000/- |

ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ കൃത്യമായ വിനിയോഗം സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 03.08.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/2020-21) മറുപടിയായി സമഗ്ര ശിക്ഷാ കേരളം വയനാട് ജില്ലാ കോ-ഓർഡിനേറ്ററുടെ 24.06.2021 -ലെ എഫ്/493/2019/എസ്.എസ്.കെ. നമ്പർ പ്രകാരം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഈ സാക്ഷ്യപത്രത്തിൽ തുക ചെലവഴിച്ച് 15 ഇനങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ഇനത്തിനും ചെലവഴിച്ച് തുകയുടെ വിവരവും ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ സ്കൂളുകളിൽ തുക ചെലവഴിച്ചിട്ടുണ്ട് എന്ന വിവരങ്ങളും ഇല്ല. കൂടാതെ മേൽ പറഞ്ഞ ലിസ്റ്റിൽ സൗജന്യയൂണിഫോം, വിദൂര സ്ഥലങ്ങളിൽ നിന്നും വിദ്യലയത്തിൽ എത്തുന്ന കുട്ടികളുടെ യാത്രാ അലവൻസുകൾ എന്നിലയും ഉൾപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം 2020-21 വർഷത്തിൽ സ്കൂളുകൾ പ്രവർത്തിച്ചിരുന്നില്ല എന്നതിനാൽ പ്രസ്തുത ഇനങ്ങളിൽ തുക ചെലവഴിച്ചതിന്റെ സാംഗത്യം വ്യക്തമല്ല.

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും (ഭൗതിക നേട്ട റിപ്പോർട്ട്) ലഭ്യമാക്കാത്തതിൽ ചെലവ് തുക ₹11,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

പദ്ധതിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് നടത്തിയതിന്റെ (വർക്കിംഗ് ഗ്രൂപ്പ് & പി.ഇ.സി -യുടെ) വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-21 രേഖകൾ ഹാജരാക്കാത്തതിനാൽ ₹7,83,776/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

28.07.2021 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ട രേഖകളിൽ 2019-20, 2020-21 വർഷങ്ങളിലെ ക്യാഷ് ബുക്ക്/സബ്സിഡയറി രജിസ്റ്റർ - ഉം താഴെ പറയുന്ന ചെലവുകളുടെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിവരണം | ചെലവ് തുക | ട്രഷറി ബിൽ/ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 1 | എസ്.0317/20, ആർദ്രം പദ്ധതി ഡോക്ടർ നേഴ്സ് വേതനം | ₹1,02,776/- | 02/20-21, 20.04.2020 |
| 2 | എസ്.0307/20, ഒന്നാം വാർഡിൽ വാട്ടർ ഹൗസ് കണക്ഷന് സബ്സിഡി | ₹2,10,000/- | 08/20-21, 14.05.2020 |
| 3 | പാഡി ബോണസ് | ₹3,11,000/- | 12/20-21, 12.06.2020 |
| 4 | ശുചിത്വ മിഷൻ പ്രീ-മൺസൂൺ ഫണ്ട് | ₹1,60,000/- | 13/20-21, 12.06.2020 |

രേഖകൾ ഹാജരാക്കാത്തത് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/2020-21/03.08.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹7,83,776/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## 1-22 വിദ്യാർത്ഥികൾക്കുള്ള പഠനോപകരണം - വിതരണരേഖ ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിനായി താഴെ പറയുന്ന പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

1. എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00187/20-21 |
| അടങ്കൽ | ₹4,00,000/-<br>(വികസന ഫണ്ട്-ടി.എസ്.പി.) |
| ബിൽ നമ്പർ & തുക | 44/20-21/25.03.2021 – ₹4,00,000/- |
| വാങ്ങിയ ഉപകരണങ്ങൾ | 80 മേശയും കസേരയും |

1. എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00188/20-21 |
| അടങ്കൽ | ₹3,00,000/-<br>(വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നമ്പർ & തുക | 43/20-21/ 25.03.2021 – ₹3,00,000/- |
| വാങ്ങിയ ഉപകരണങ്ങൾ | 60 മേശയും കസേരയും |

മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 02.08.2021 - ലെ ഓഡിറ്റ് എൻക്വയറി (നം. 23 /2020-21) ന് മറുപടിയായി കോവിഡ് 19 മഹാമാരി കാരണം സ്കൂൾ തുറക്കാത്തതിനാൽ പഠനോപകരണങ്ങൾ വിതരണം നടത്താൻ സാധിച്ചിട്ടില്ലെന്നും പ്രധാന അധ്യപകരുടെ സഹകരണത്തോടെ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്. ആകെ ചെലവ് തുക ₹7,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ പ്രവൃത്തി മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല.

1. ഗോശാലപ്പടി തിരുമംഗലം നടപ്പാത കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0391/21 |
| അടങ്കൽ | ₹1,00,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹98963/-, 102/2020-21, 24.11.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/12/19-20, 09.03.2020 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 242/19-20 (പേജുകൾ 1-8) |
| കരാറുകാരൻ | ഇസ്മായിൽ ടി. |
| രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് | 3.69% കുറവ് |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 7 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹88359.68 ആണ്. ആയതിൽ നിന്നും 3.69% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 88359.68 | 88359.68 |
| ടെണ്ടർ വ്യതിയാനം 3.69% | -- | 3260.47 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത തുക | -- | 85099.21 |
| ജി.എസ്.ടി. 12% | 10603.19 | 10211.91 |
| പ്രവൃത്തി മൂല്യം | 98963 | 95311 |

അധിക ചെലവ് (98963 - 95311 ) = ₹3652/-.

2. പിലാച്ചേരി പച്ചപ്പള്ളി റോഡ് സൈഡ് സംരക്ഷണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0407/21 |
| അടങ്കൽ | ₹99,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹98,597/-, 104/2020-21, 24.11.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/85/19-20, 02.12.2019 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 233/19-20 (പേജുകൾ 1-20) |
| കരാറുകാരൻ | ശ്രീ. റഷീദ് കെ. |
| രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് | 2% കുറവ് |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 19 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹88032.97 ആണ് (ബി.ഒ. ക്യൂ. -വിൽ പരിമിതപ്പെടുത്തിയത്). ആയതിൽ നിന്നും 2% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 88032.97 | 88032.97 |
| ടെണ്ടർ വ്യതിയാനം 3.69% | -- | 1760.66 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത തുക | -- | 86272.31 |
| ജി.എസ്.ടി. 12% | 10563.95 | 10352.68 |

| | | |
|---|---|---|
| പ്രവൃത്തി മൂല്യം | 98597 | 96625 |

അധിക ചെലവ് (98597 - 96625) = ₹1972/-.

3.08.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 25/2020-21/) മറുപടി 25/2020-21) നൽകിയിട്ടില്ല. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹5624/- (1972 + 3652) മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും കൃത്യമായി സൂക്ഷിക്കാത്തത്.

ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഉണ്ടായിരുന്നു (ഖണ്ഡിക നമ്പർ 1-32). എന്നാൽ നിലവിലും ടെണ്ടർ ഫോറം സ്റ്റോക്കിന്റെയും വിതരണത്തിന്റെയും കൃത്യമായ രേഖകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ച് വരുന്നില്ല. 26.07.2021 -ലെ ഓഡിറ്റ് എൻക്വയറി (നം. 01/2020-21) നൽകിയത് പ്രകാരം ടെണ്ടർ ഫോറം വിതരണ രജിസ്റ്റർ ഹാജരാക്കുകയുണ്ടായി. ആയതിൽ 03.02.2020 വരെ വിതരണം ചെയ്ത ടെണ്ടർ ഫോറങ്ങളുടെ വിവരമെ ചേർത്തിട്ടുള്ളൂ. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ സ്റ്റോക്കിലുള്ള ടെണ്ടർ ഫോറങ്ങൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. 23.10.2020, 03.11.2020, 25.02.2021 എന്നീ തീയതികളിൽ അസി. എഞ്ചിനീയർ നടത്തിയ ടെണ്ടറുകളിൽ ഗ്രാമപഞ്ചായത്തിന്റെ മുദ്രയും ഫോറം നമ്പറും പതിക്കാത്ത ടെണ്ടർ ഫോറങ്ങളിലാണ് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ടെണ്ടർ ഫോറങ്ങൾ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ നിന്നുതന്നെ വിൽപ്പന നടത്തിയതാണോ എന്നും ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ടെണ്ടർ ഫോറം സുക്ഷിപ്പിലെ പോരായ്മകൾ ഓഡിറ്റ് ചൂണ്ടികാട്ടിയിട്ടും പരിഹരിക്കാത്തതിനും സ്റ്റോക്കിലുള്ള ടെണ്ടർ ഫോറങ്ങൾ ഭൗതിക പരിശോധനയ്ക്കായി ഹാജരാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു. ഗ്രാമപഞ്ചായത്തിലെ രേഖകളുടെ സൂക്ഷിപ്പിലെ ന്യൂനതകൾ ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-25 വാട്ടർ ചാർജ്ജ് ഒടുക്കൽ - ഗ്രാമപഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല.

2020-21 വർഷത്തെ എസ്0149/21 എന്ന പ്രോജക്ട് പ്രകാരം ₹12,00,000/- വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട് (ട്രഷറി ബിൽ നം. 11/20-21 തീയതി 02.06.2020 -₹182876/-, ട്രഷറി ബിൽ നം. 26/20-21 തീയതി 04.12.2020 - ₹10,17,124 ). വാട്ടർ അതോറിറ്റിയുടെ 04.11.2020 - ലെ PBRA/11/2020 നമ്പർ ബില്ല് അനുസരിച്ച് ₹22,28,490/- രൂപ കുടിശ്ശിക അടവാക്കാൻ ഉണ്ട്. ബില്ലിൽ 209 ടാപ്പുകൾക്ക് പ്രതിവർഷം 5250 രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. എന്നാൽ സ്ട്രീറ്റ് വാട്ടർ ടാപ്പ് രജിസ്റ്റർ പ്രകാരം 196 വർക്കിംഗ് ടാപ്പുകളാണുള്ളത് (വാട്ടർ അംഗീകരിച്ച കണക്കുകൾ പ്രകാരമുള്ളത്). കുടിശ്ശിക ഏതൊക്കെ മാസങ്ങളിലെയാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിരുന്നില്ല. 28.07.2021 -ലെ ഓഡിറ്റ് എൻക്വയറിക്ക് (നം . 13/2020-21) മറുപടിയായി 2019 ജൂലൈ മുതൽ 2021 ജനവരി വരെ വാട്ടർ അതോറിറ്റിയിൽ ഒടുക്കാനുള്ള വാട്ടർ ചാർജ്ജിന്റെ വാട്ടർ അതോറിറ്റിയുടെ ബിൽ ഹാജരാക്കിയിട്ടുണ്ട്. ഈ ബില്ലിൽ 2019 ജൂലൈ മാസത്തിൽ ₹18,81,150/- ഓപ്പണിംഗ് ബാലൻസും പ്രതിമാസം ₹91438/- നിരക്കിൽ 2021 ജനവരി മാസം വരെ 19 മാസത്തേക്ക് ₹17,37,322/- യും 2019 ജൂലൈ മാസം മുതൽ ഫൈൻ ഇനത്തിൽ ₹6,41,217/- യും അടക്കം ആകെ ഡിമാന്റ് ₹42,59,689/- യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 2021 ജനവരിമാസം വരെ ഗ്രാമപഞ്ചായത്ത് ₹28,52,602/- ഒടുക്കിയിട്ടുള്ളതായും ₹14,07,087/- ഒടുക്കാൻ ബാക്കിയുള്ളതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രതിവർഷം 5250 രൂപ നിരക്കിൽ 196 ടാപ്പുകൾക്ക് പ്രതിമാസ ചാർജ്ജ് ₹85,750/- യാണ് വരിക. അതിനാൽ പ്രതിമാസ ഡിമാന്റിൽ ₹5688/- അധികമാണ് (91438 - 85,750). ആയതിന് പുറമേ മേൽ പറഞ്ഞ ബില്ലിൽ ഓപ്പണിംഗ് ബാലൻസായി കാണിച്ചിട്ടുള്ള ₹18,81,150/- രൂപ ഏത് കാലയളവിലെ തുകയാണെന്നുള്ള വിവരവും ലഭ്യമാകേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം അടവാക്കുന്നതിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന് വാട്ടർ ചാർജ്ജ് ഇനത്തിൽ എത്ര തുക അടവാക്കാൻ ഉണ്ട് എന്നത് സംബന്ധിച്ച് കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. പ്രസ്തുത കാണങ്ങളാൽ വാട്ടർ അതോറിറ്റിയുടെ മേൽ പറഞ്ഞ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റിന്റെ നിജസ്ഥിതി ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ തൻ വർഷം വാട്ടർ ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഓടുക്കിയ ആകെ തുക ₹12,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ (2016-17 മുതൽ 2021 വരെ) വാട്ടർ ചാർജ്ജിന്റെ ഡിമാന്റെ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് മിച്ച തനത് ഫണ്ട് ഉണ്ടായിരുന്നിട്ടും (ഗ്രാമപഞ്ചായത്തിന്റെ പല

പ്രോജക്ടുകളിലും തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്) വാട്ടർ ചാർജ്ജ് കൃത്യമായി ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 പേരാൽ സ്കൂളിന് ഫർണ്ണിച്ചർ വിതരണം ടെൻഡർ നടപടികൾ തൃപ്തികരമല്ല.

പേരാൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- SO178/20-21

പ്രോജക്ട്-പേരാൽ സ്കൂളിന് ഫർണ്ണിച്ചർ വിതരണം

അടങ്കൽ - ₹ 1,25,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്-1,15,000, തനത് ഫണ്ട്-10,000)

ചെലവ് – ₹ 1,24,370/- (9370 -തനത് ഫണ്ട്)

ബിൽ നമ്പർ-13/19-20/20/04/20

നിർവഹണം- ഹെഡ് മാസ്റ്റർ

പേരാൽ സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.10.10.19 ന് നടന്ന ടെൻഡറിൽ 4 കമ്പനികൾ പങ്കെടുത്തെങ്കിലും 17/10/19 ന് പഞ്ചായത്ത് ഓഫീസിൽ ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ പല ടെൻഡർ ഫോറങ്ങളിലും വെട്ടിത്തിരുത്തലുകൾ, അപൂർണ്ണമായ ടെൻഡറുകൾ, എഗ്രിമെന്റിന്റെ അഭാവം, ഗുണമേന്മ കുറഞ്ഞ ഉപകരണങ്ങൾ എന്നീ കാരണങ്ങൾ പറഞ്ഞ് നാലു കമ്പനികളുടേയും ടെൻഡറുകൾ തള്ളുകയാണുണ്ടായത്.എന്നാൽ ടെൻഡർ പരിശോധനയിൽ മുകളിൽ പറഞ്ഞ ന്യൂനതകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. എഗ്രിമെന്റിന്റെ അഭാവമുള്ള ഒരു ടെൻഡർ നിരസിച്ച് ബാക്കി ടെൻഡറുകൾ പരിഗണിക്കാവുന്നതായിരുന്നു എങ്കിലും റീ ടെൻഡർ നടത്തുകയാണുണ്ടായത്.റീ ടെൻഡറിൽ ഗുണമേന്മ കൂടുതൽ ഉണ്ടെന്ന അഭിപ്രായം രേഖപ്പെടുത്തി ടെൻഡർ കൂടുതലുള്ള ഫർണ്ണിച്ചറുകളാണ് തിരഞ്ഞെടുത്തത്.

2.റീ ടെൻഡറിനു ശേഷമുള്ള 03/12/19 തിയ്യതിയിലെ പ്രക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം Desk 18 Gage G1 Square Pipe Top With Angily Wood – 2950/- രൂപയാണ് അംഗീകരിച്ചത്.എന്നാൽ വയനാട് ജില്ലാ മൊത്ത വ്യാപാര കേന്ദ്രത്തിന്റെ 29/02/20 തിയ്യതിയിലെ ഇൻവോയിസ് നം.21 പ്രകാരം Desk 18 Gage G1 Square Pipe Top With Angily Wood - 15 എണ്ണത്തിന് 2980/- രൂപയാണ് ബിൽ ചെയ്തിട്ടുള്ളതും സൊസൈറ്റി കൈപ്പറ്റിയിട്ടുള്ളതും.

സാമ്പിളുകൾ ഹാജരാക്കിയ എല്ലാ കമ്പിനികളുടേയും ഗുണമേന്മാ സാക്ഷ്യ പത്രം ഹാജരാക്കാതെ ഒരു കമ്പനിയുടെ മാത്രം ഗുണമേന്മ പ്രൊക്വയർമെന്റ് കമ്മിറ്റി വിലയിരുത്തിയത് എങ്ങനെയെന്ന് കമ്മിറ്റി അംഗങ്ങൾ വിശദീകരിക്കേണ്ടതും പ്രക്വയർമെന്റ് കമ്മിറ്റി അംഗീകരിച്ച വിലയിലും കൂടുതലായി നൽകിയ തുക (2950-2980*15) നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കി അറിയിക്കേണ്ടതുമാണ്.

ചെലവ് തുക(1,24,370-450) 123,920/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഹെഡ് മാസ്റ്ററുടെ അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നു

ഹെഡ് മാസ്റ്ററുടെ പേരിലുള്ള കാനറ ബാങ്ക് പടിഞ്ഞാറത്തറ ശാഖയിലെ (അക്കൗണ്ട് നം.0355101016247)അക്കൗണ്ടിൽ 2019-20 വർഷാവസാനം 34,728/- രൂപയും 2020-21 വർഷാവസാനം 36,038/-രൂപയും നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുക ഏതിനത്തിലുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 7/2019-20,2020-21/26.07.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക അതത് ഹെഡ്ഡിൽ തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-28 വാഹന വാടക ഇനത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ അമിത ചെലവ് വരുത്തി.

2020-21 സാമ്പത്തിക വർഷത്തിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലെ ഔദ്യോഗികാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചതായി കാണുന്നു. സ.ഉ(സാധ)നം.2493/2012/ ത.സ്വ.ഭ.വ തിയ്യതി 3-9-2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വാടകയിനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുക75000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ടായിരിക്കേ പ്രസ്തുത വർഷത്തിൽ ഈയിനത്തിൽ 3,68,450/- രൂപ ചെലവഴിച്ചതായി ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. സർക്കുലർ നം. 85/2018/ഫിൻ തിയ്യതി 15-9-2018 പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടത് എന്നും ദീർഘകാല അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് ഗ്രാമ പഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിരിക്കുന്നത്. ഈ ഇനത്തിൽ വന്നിട്ടുള്ള ചെലവുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തിയ്യതി | വാഹന വാടകയിനത്തിൽ ചെലവായ തുക |
|---|---|---|---|
| 1 | 22000014 | 1-4-2020 | 2050 |
| 2 | 22000015 | 1-4-2020 | 27500 |
| 3 | 22000032 | 3-4-20 | 37500 |
| 4 | 22000159 | 21-5-20 | 2900 |
| 5 | 22000167 | 26-5-20 | 7225 |
| 6 | 2200022 | 5-6-20 | 2200 |
| 6 | 22000243 | 8-6-20 | 27500 |
| 7 | 22000511 | 7-8-20 | 25950 |
| 8 | 22000146 | 6-1-2021 | 25950 |

വാഹന വാടകയിനത്തിൽ വർഷംതോറും ഉണ്ടാകുന്ന അമിത വർദ്ധനവ് നിയന്ത്രിക്കാനാവശ്യമായ യാതൊരു വിധ നടപടികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നോ ഭരണ സമിതിയുടെ ഭാഗത്ത് നിന്നോ ഉണ്ടായതായി രേഖകളിൽ കാണുന്നില്ല. വാഹന വാടകയിനത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ അമിതച്ചെലവ് വരുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഐ.കെ.എം., സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവയ്ക്ക് സെക്രട്ടറി ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

1. ഐ.കെ.എം. വിഹിതം നൽകൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00147/20-21 |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ & തുക | 13/20-21/13.08.2020 – ₹1,00,000/- |

2. സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0104/20-21 |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ & തുക | 14/20-21/27.08.2020 – ₹1,00,000/- |

മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയ തുകകളുടെ കൈപ്പറ്റ് രേഖ വിനിയോഗ സാക്ഷ്യപത്രം എന്നിവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 03.08.2021 -ലെ ഓഡിറ്റ് എൻക്വയറി (നം. 27/2020-21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ആകെ ചെലവ് തുക ₹2,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 അങ്കണവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പ് വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു.

2020-21 വർഷം അങ്കണവാടി പോഷകാഹാര വിതരണ പദ്ധ ക്കായി ഐ.സി.ഡി.എസ് സൂപ്പർഅങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)ക്കായി 15,95,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 7,16,194/- രൂപയും ചെലവഴിച്ചിരിക്കുന്നത് ഒരുമ അമൃതം ഫുഡ് സപ്ളിമെന്റ് , പുതുശ്ശേരിക്കടവ് , പടിഞ്ഞാറത്തറ നിന്നും അമൃതം ഫുഡ് സപ്ളിമെന്റ് വാങ്ങുന്നതിനായാണ്. എന്നാൽ ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് അങ്കണവാടികളിൽ ഇതിന്റെ വിതരണം നടന്നിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 220/20-21 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) |
| നിർവ്വഹണം | എെ.സി.ഡി.എസ്. സൂപ്പർവൈസർ |
| ഫണ്ട് | 8,00,000/-വികസന ഫണ്ട് (പൊതുവിഭാഗം- സാധാ)<br>8,70,000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| അടങ്കൽ (₹) | 16,70,000/- |
| ചെലവ് (₹) | 15,95,000/- |

കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, ഗ്രാമ പഞ്ചായത്തിൽ ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി യിരിക്കുന്ന അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതായി കാണുന്നില്ല. ഗുണനിലവാരം ഉറപ്പു വരുത്താതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. അപാകതയ്ക്കുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി - തെറ്റായ വിവരം നൽകി ഗുണഭോക്താവ് തുക കൈപ്പറ്റി

ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ) 34/2018/തസ്വഭവ തീ. 16.03.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

വിജയമ്മ ( ഐ.ഡി നമ്പർ 811891) ഭവന നിർമ്മാണത്തിന് 2,00,000 അനുവദിച്ച നൽകിയിട്ടുണ്ട്.ഭവന നിർമ്മാണത്തിന് തുക കൈപറ്റിയിട്ടും നാളിതു വരെയായി ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് വി.ഇ.ഒ നല്കിയ മറുപടി ചുവടെ കൊടുക്കുന്നു.

വിജയമ്മ ( ഐ.ഡി നമ്പർ 811891) ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ട് ( എഗ്രിമെന്റ് നമ്പർ - 260/18.06.2020 ) 2,00,000/- രൂപകൈപ്പറ്റുകയും മേൽക്കൂര വരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭിത്തി പൂർത്തീകരിച്ച് മൂന്നാം ഗഡുവിനുള്ള അപേക്ഷ സമർപ്പിച്ച വേളയിൽ ഗുണഭോക്താവിന്റെ ഭർത്താവിന് അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലിയുള്ളതായി കണ്ടെത്തി. കരാർ ചമയ്ക്കുന്നതിനായി ഹാജരാക്കിയ അർഹതാ പരിശോധന സമയത്ത് ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റിൽ 28,000/- രൂപയാണ് വരുമാനമായി ചേർത്തിരിക്കുന്നത്. ഇത്തരത്തിൽ ഗുണഭോക്താവ് പദ്ധതി ആനുകൂല്യത്തിന് അർഹനല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് കൈപ്പറ്റിയ തുക പിഴപലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് കത്ത് ( വി.ഇ.ഒ120/20 -21 22.01.2021) നൽകിയിട്ടുണ്ട്.

തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

### 2-1 ചട്ടത്തിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർത്ഥവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ചട്ടം 21(1)(B)(I) ഉപചട്ട പ്രകാരം നികുതിയിളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തിയ്യതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞുകിടന്ന തിയ്യതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നോ ആ തിയ്യതി മുതൽ കണക്കാക്കേണ്ടതാകുന്നു. ചട്ടം 21(3) പ്രകാരം ഇങ്ങനെ അനുവദിച്ച നികുതിയിളവ് ഫോം II വിലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2019-20 സാമ്പത്തീകവർഷം 13,15 വാർഡുകളായി 77 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇളവ് അനുവദിച്ചത് നോട്ടീസ് തിയ്യതിക്ക് മുൻ കാലയളവിലാണ്. ഉദാ.

| വാർഡ്/ കെട്ടിട നം. | നോട്ടീസ് തിയ്യതി | പേര് | തുക |
|---|---|---|---|
| 13/345A | 29/06/21 | ബെസ്സി എബ്രഹാം | 1385 |
| 13/345C | 29/06/21 | ജോസഫ് വി ജെ | 1283 |
| 13/345D | 29/06/21 | മുരളീധരൻ | 1365 |
| 13/345E | 29/06/21 | സുജാത എൻ | 1376 |
| 13/345B | 29/06/21 | പ്രിൻസി ജോർജ്ജ് | 1217 |
| 13/345 I | 29/06/21 | ഷെറീഫ് പി കെ | 1275 |
| 13/345F | 29/06/21 | ഡെയ്സി ചാക്കോ | 1385 |
| 13/345H | 23/06/21 | ഫിലിപ്പ് എൻ എം | 1662 |
| ആകെ | | | 10,948 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/2020-21/ 04.08.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇങ്ങനെ ചട്ടത്തിന് വിരുദ്ധമായി അനുവദിച്ച കെട്ടിട നികുതി ഇളവ് 10,948/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിളവ് അനുവദിച്ചു- പഞ്ചായത്തിന് നഷ്ടം:-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 22 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുള്ളതാണ്. 2020-21 സാമ്പത്തിക വർഷാവസാനം 46,451/- രൂപ വാടകയിനത്തിൽ പിരിഞ്ഞു കിട്ടുവാനുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/07/2020 തിയ്യതിയിലെ 126(4)/20 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലേലം കൊണ്ടിട്ടുള്ള കച്ചവടക്കാർക്ക് ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. കച്ചവടക്കാർക്ക് ഈ മൂന്നുമാസങ്ങളിലെ വാടകയിനത്തിൽ 8,17,862/- രൂപ (6,87,279+1,30,583(GST18%+1%FC)) ഇളവ് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/06/2020 തിയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.1278/20 ഉത്തരവ് പ്രകാരം ലോക്ക് ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാത്ത സ്ഥാപനങ്ങളെ മാത്രമേ വാടകയിളവിനായി പരിഗണിക്കാൻ പാടുള്ളൂ. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്കെടുത്ത 22 കച്ചവടക്കാരിൽ 6 കച്ചവടക്കാർക്ക് ലോക്ഡൗൺ കാലയളവിൽ തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ളതാണ്. പ്രസ്തുത ലോക്ക് ഡൗൺ കാലത്ത് തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ള ബേക്കറി, പലചരക്ക് കട, പച്ചക്കറിക്കട തുടങ്ങിയ കടകൾക്കു കൂടി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/2020-21/ 28.07.2021)മറുപടിയായി ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്കെടുത്ത 22 കച്ചവടക്കാരിൽ 3 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരായതിനാലും ഒരാൾ കോവിഡ് ബാധിതനായതിനാലുമാണ് ഇളവനുവദിച്ചതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇളവ് അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പേര്/കെട്ടിട നം | വാടക | GST(18%) | FC(1%) | ഒരു മാസത്തെ വാടക | 3 മാസ വാടക | ആകെ മൊത്തം |
|---|---|---|---|---|---|---|
| ജംഷീർ പാലൊളി | 13545 | 2438 | 135 | 16119 | 40635 | 48356 |
| ജംഷീർ കണിയാംകണ്ടി | 9660 | 1739 | 97 | 11495 | 28980 | 34486 |
| അബു കളത്തിൽ | 10080 | 1814 | 101 | 11995 | 30240 | 35986 |
| മുഹമ്മദ് ജുനൈദ് | 14175 | 2552 | 142 | 16868 | 42525 | 50605 |
| ഷംസുൾ ഹുദ | 38115 | 6861 | 381 | 45357 | 114345 | 136071 |
| അബ്ദുള്ള എ സി | 8400 | 1512 | 84 | 9996 | 25200 | 29988 |
| ആകെ | | | | | 2,81,925 | 3,35,492 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാടകയിനത്തിൽ ഇളവ് അനുവദിച്ചതിനാൽ ലോക്ഡൗൺ കാലത്ത് തുറന്നു പ്രവർത്തിക്കാൻ അനുമതിയുള്ള കടകൾക്ക് അനുവദിച്ച വാടകയിനത്തിലുള്ള ഇളവ് 3,35,492/- രൂപ 30/07/2020 തിയ്യതിയിലെ ഭരണ സമിതി തീരുമാനത്തിൽ പങ്കെടുത്ത മെമ്പർമാരിൽ നിന്നും സെക്ഷൻ ക്ലാർക്കിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -3

## 3-1 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കി

അസി. എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ പ്രവൃത്തി മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല.

1. ഗോശാലപ്പടി തിരുമംഗലം നടപ്പാത കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0391/21 |
| അടങ്കൽ | ₹1,00,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹98963/-, 102/2020-21, 24.11.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/12/19-20, 09.03.2020 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 242/19-20 (പേജുകൾ 1-8) |
| കരാറുകരൻ | ഇസ്മായിൽ ടി. |
| രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് | 3.69% കുറവ് |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 7 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹88359.68 ആണ്. ആയതിൽ നിന്നും 3.69% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 88359.68 | 88359.68 |
| ടെണ്ടർ വ്യതിയാനം 3.69% | -- | 3260.47 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത തുക | -- | 85099.21 |

| | | |
|---|---|---|
| ജി.എസ്.ടി. 12% | 10603.19 | 10211.91 |
| പ്രവൃത്തി മൂല്യം | 98963 | 95311 |

അധിക ചെലവ് (98963 - 95311 ) = ₹3652/-.

2. പിലാച്ചേരി പച്ചപ്പള്ളി റോഡ് സൈഡ് സംരക്ഷണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0407/21 |
| അടങ്കൽ | ₹99,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, ട്രഷറി ബിൽ നം., തീയതി | ₹98,597/-, 104/2020-21, 24.11.2020 |
| കരാർ നമ്പർ, തീയതി | AE/LSGD/PP/85/19-20, 02.12.2019 |
| അളവ് പുസ്തകത്തിന്റെ നമ്പർ | 233/19-20 (പേജുകൾ 1-20) |
| കരാറുകരൻ | ശ്രീ. റഷീദ് കെ. |
| രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് | 2% കുറവ് |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 19 പ്രകാരം ചെയ്ത പ്രവൃത്തികളുടെ ആകെ തുക ₹88032.97 ആണ് (ബി.ഒ. ക്യൂ. - വിൽ പരിമിതപ്പെടുത്തിയത്). ആയതിൽ നിന്നും 2% ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അതിനോട് 12% തുക ജി.എസ്.ടി. കൂടി കൂട്ടിയായിരുന്നു പ്രവൃത്തി മൂല്യം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യതെ അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടുള്ളത്.

| | അളവ് പുസ്തകത്തിൽ നിർണ്ണയിച്ച പ്രവൃത്തി മൂല്യം | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം |
|---|---|---|
| ചെയ്ത പ്രവൃത്തികളുടെ ആകെ തുക | 88032.97 | 88032.97 |

| | | |
|---|---|---|
| ടെണ്ടർ വ്യതിയാനം 3.69% | -- | 1760.66 |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത തുക | -- | 86272.31 |
| ജി.എസ്.ടി. 12% | 10563.95 | 10352.68 |
| പ്രവൃത്തി മൂല്യം | 98597 | 96625 |

അധിക ചെലവ് (98597 - 96625) = ₹1972/-.

3.08.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 25/2020-21/) മറുപടി 25/2020-21) നൽകിയിട്ടില്ല. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം കണക്കാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹5624/- (1972 + 3652) മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 1037760 | നെൽ കൃഷി കൂലിച്ചെലവ് | 1037760 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2020-21 | 982989 | നെൽ കൃഷി കൂലിച്ചെലവ് | 982989 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 227820 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 227820 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 600000 | ലൈഫ് ഭവന പദ്ധതി (എസ്.ടി) | 600000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2020-21 | 680000 | ലൈഫ് ഭവന പദ്ധതി (എസ്.ടി) | 680000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2020-21 | 250000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3260000/- രൂപ വരവുണ്ട്. മുൻബാക്കി 338973/- രൂപയടക്കം 3598973 /- രൂപയിൽ 3553000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 3260000 | 39541777 | 3130511 | 0 | 39671266 |
| തണൽ ഭവന പദ്ധതി | | | 9632996 | 600000 | 1157479 | 9032996 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3140820 |
| തൻവർഷം നിക്ഷേപിച്ച തുക | 91393 |
| ആകെ | 3232213 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3232213 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| NIL | | | | | |
| ആകെ | | | | | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 27 | 02-03 | 12(8) Ii | മണൽ ലേലം | തുക ഈടാക്കിയിടല്ല |
| 1997-98 | 37 | 02-03 | VIII | മണൽ വിൽപ്പന | -ടി- |
| 1997-98 | 27 | 03-04 | 3(12)(2) | മണൽ ലേലം | -ടി- |
| 1997-98 | 14 | 03-04 | 3(12)(5) | ടെണ്ടർ- തുക അധികം നൽകി | -ടി- |
| 1997-98 | -- | 03-04 | 3(12)(5) | പ്രതിഫലം അധികം നൽകിയത് | -ടി- |

| | | | | | |
|---|---|---|---|---|---|
| 1999-2000 | | 03-04 | 3(12)(5) | ടാർ വില | -ടി- |
| 2016-17 | 2-7 | 2017-18 | 1.12.8 | റിസോർട്ടുകൾക്ക് കെട്ടിട പെർമ്മിറ്റ് നൽകിയതി ലെയും വസ്തുനികുതി നിർണ്ണയി ച്ചതിലെയും അപാകതകൾ | നടപടി എടുത്തിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,02,65,863 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,35,43,968 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,36,440 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,624 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,00,579 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-11 | 10,948 | | എൻ.എ. ജയരാജൻ, സെക്രട്ടറി |
| 1-14 | 3,35,492 | | എൻ.എ. ജയരാജൻ, സെക്രട്ടറി |
| 1-23 | | 5,624 | എൽദോ സൈമൺ ,അസി. എഞ്ചിനീയർ |
| ആകെ | 336440 | 5,624 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 6,92,883 | ആഷിക് ബാബു, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ |
| 1-20 | 11,00,000 | മാത്യൂ.കെ.ടി, സെക്രട്ടറി |
| 1-21 | 7,83,776 | എൻ.എ. ജയരാജൻ, സെക്രട്ടറി |
| 1-22 | 7,00,000 | മാത്യൂ.കെ.ടി, സെക്രട്ടറി |
| 1-26 | 1,23,920 | എ.എൻ പരമേശ്വരൻ, ഹെഡ് മാസ്റ്റർ |
| 1-29 | 2,00,000 | സി.പി.പ്രദീപൻ, സെക്രട്ടറി |
| 1-31 | 2,00,000 | അർഷിത.പി.സി, വി.ഇ.ഒ |
| ആകെ | 38,00,579 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.എ. ജയരാജൻ, സെക്രട്ടറി | ലഭ്യമാക്കിയിട്ടില്ല. | സ്നേഹ നിവാസ്, കല്ലുവെട്ടംകുന്ന്, മാനന്തവാടി.പി.ഒ |
| മാത്യൂ.കെ.ടി, സെക്രട്ടറി | സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | കൊച്ചു പുരയ്ക്കൽ വീട്, അടുക്ക പി.ഒ, ഈരാറ്റു പേട്ട വഴി, കോട്ടയം |
| ആഷിക് ബാബു, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | ആഷിക് ബാബു,ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, തളിപ്പുഴ, ലക്കിടി.പി.ഒ, വയനാട്. | ചെങ്കണക്കാട്ടിൽ ഹൗസ്,കാവപ്പുര, കൽപ്പകഞ്ചേരി പി.ഒ, മലപ്പുറം. |
| സി.പി പ്രദീപൻ, സെക്രട്ടറി | ഓഡിറ്റ് സൂപ്പർവൈസർ, പി.എ.യു, പനമരം | ചമ്ബ്ളോന്റവിടെ, ചെണ്ടയാട്.പി.ഒ,പാനൂർ,-670662 |
| എൽദോ സൈമൺ ,അസി. എഞ്ചിനീയർ | ലഭ്യമാക്കിയിട്ടില്ല | കാട്ടിക്കുളങ്ങര, വീട്, ബത്തേരി പി.ഒ, വയനാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യു. പി.3-156/02/6/11/08 |
| 1998-99 | എൽ.എഫ്.ഡബ്ല്യു. പി.3-321/01/06.08/2019 |
| 1999-00 | എൽ.എഫ്.ഡബ്ല്യു. പി.1-1077/08 (8)തീ. 6/11/08 |
| 2000-01 | എൽ.എഫ്.ഡബ്ല്യു. പി.1-558/04/06.08.2019 |
| 2001-02പ്ലാൻ | എൽ.എഫ്.ഡബ്ല്യു. പി.1-281/06/06.08.2019 |
| 2002-03 | എൽ.എഫ്.ഡബ്ല്യു. പി.7-309/09 തീ. 12/2/08 |
| 2003-04 | എൽ.എഫ്.ഡബ്ല്യു. പി.7-127/08 തീ. 4/3/08 |
| 2004-05 | എൽ.എഫ്.ഡബ്ല്യു. പി.7-145/08/06.08.2019 |
| 2005-06 | എൽ.എഫ്.ഡബ്ല്യു. പി.7- 144/08/06.08.2019 |
| 2006-07 | എൽ.എഫ്.ഡബ്ല്യു. പി.1-368/1309 തീ. 18.7.2014 |
| 2007-08 | എൽ.എഫ്.ഡബ്ല്യു. പി.1-327/13 തീ. 3/7/2013 |
| 2008-09 | എൽ.എഫ്.ഡബ്ല്യു. പി.1-328/13 തീ.30/5/2013 |
| 2009/10 | എൽ.എഫ്.ഡബ്ല്യു. പി.1-329/13/ തീ.31/7/2013 |
| 2010-11 | എൽ.എഫ്.ഡബ്ല്യു. പി.1-9/13 തീ.3/4/2014 |
| 2011-12 | എൽ.എഫ്.ഡബ്ല്യു. പി.1-257/14 തീ. 7/7/14 |
| 2012-13 | എൽ.എഫ്.ഡബ്ല്യു. പി.2-719/15 തീ. 10/12/15 |
| 2013-14 | എൽ.എഫ്.ഡബ്ല്യു.പി.2-134/16 തീ. 21/4/2018 |
| 2014-15 | എൽ.എഫ്.ഡബ്ല്യു.പി.2-431/16 തീ.28/12/2017 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി2-864/16 തിയ്യതി 7/6/2018 |
| 2016-17 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 602/2017/25.5.2018 |
| 2017-18 | നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 7/2019/03.05.2019 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി2-999/2019/18-2-2-2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്